Uncorrected/Not for publication
07-10-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം ഇന്നലെ ഇവിടെ കൊണ്ടുവന്ന ശബരിമല വിഷയമാണ് സഭാ നടപടികൾ സ്തംഭിക്കാൻ കാരണമായത്. ഇന്നലെ വന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ഞെട്ടിക്കുന്നതാണ്. സ്വർണ്ണം മൂടിയ ദ്വാരപാലക ശില്പം ഉയർന്ന നിരക്കിൽ വില്പന നടത്തി എന്നതാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തൽ. .....(ബഹളം)..... പുണ്യ പരിപാവനമായ ശബരിമല ക്ഷേത്രത്തെ മാത്രമല്ല ലക്ഷക്കണക്കിന് വിശ്വാസികളെക്കൂടി പോറ്റിയുമായി ചേർന്ന് ദേവസ്വം ബോർഡ് വഞ്ചിച്ചിരിക്കുകയാണ്. .....(ബഹളം)..... Let me complete. അതുകൊണ്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണം എന്നതാണ് ഞങ്ങളുടെ ഗൗരവതരമായ ഡിമാൻഡ്. ദേവസ്വം ബോർഡിനെ പുറത്താക്കണം. അതിന് സർക്കാർ തീരുമാനം പ്രഖ്യാപിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പോലും അംഗീകരിക്കുന്നില്ല എന്ന നിലപാടാണ് പ്രതിപക്ഷനേതാവ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഏത്

അന്വേഷണത്തെയും സ്വാഗതം ചെയ്യുന്നുവെന്ന് ഈ ഗവൺമെന്റും ദേവസ്വം ബോർഡും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽത്തന്നെ ഒരന്വേഷണം വരുമ്പോൾ, ഹൈക്കോടതിയെപ്പോലും അംഗീകരിക്കാതെയുള്ള ഈ നാടകം കേവലം സങ്കുചിത രാഷ്ട്രീയത്തിനുവേണ്ടിയുള്ളതാണ്. നിയമസഭാ നടപടികൾ തുടർച്ചയായി സ്തംഭിപ്പിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പോലും അംഗീകരിക്കാൻ തയ്യാറല്ല എന്ന പ്രതിപക്ഷത്തിന്റെ നിലപാടാണ് വ്യക്തമാക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഉന്നത നീതിപീഠത്തിൽ പ്രതിപക്ഷത്തിന് വിശ്വാസം നഷ്ടപ്പെട്ടിട്ട് കുറച്ച് കാലമായി. പ്രതിപക്ഷത്തിന് തുടർച്ചയായ തിരിച്ചടികൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. 'രാഷ്ട്രീയക്കളിയുമായി ഇങ്ങോട്ട് വരരുത് എന്ന് ഇന്നലെയാണ് പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതി അവരോട് പറഞ്ഞത്. അവർക്ക് കോടതിയെയും നിയമസഭയെയും ചർച്ചയെയും ജനങ്ങളെയും ഭയമാണ്. ഭീരുക്കളായ

പ്രതിപക്ഷം തങ്ങളുടെ ഭീരുത്വം ആവർത്തിച്ച് ഇവിടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ അംഗത്തെ ഇവിടെ കാണുന്നില്ലല്ലോ.

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ

ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!" എന്ന മട്ടിൽ ഒരു അംഗം ഉണ്ടല്ലോ. എവിടെയാണ് അദ്ദേഹം? .....(ബഹളം).....

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*211)

(ചോദ്യകർത്താക്കൾ *211-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി**

1 (*212) ശ്രീ. കെ. എം. സച്ചിൻദേവ്:

Uncorrected/Not for publication
07-10-2025

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി എത്ര വിദ്യാർഥികളെ പഠനത്തിനായി വിദേശത്തേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് വിദേശത്തുതന്നെ ഉന്നത പഠനത്തിനും തൊഴിലിനും അവസരം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കോളർഷിപ്പായി വിദ്യാർഥികൾക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (.....ബഹളം.....)

(എ) ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിവഴി 1059 പട്ടികജാതി വിദ്യാർഥികളെയും 80 പട്ടികവർഗ വിദ്യാർഥികളെയും വിദേശ പഠനത്തിന് അയച്ചിട്ടുണ്ട്. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയായി

പുനഃസംഘടിപ്പിച്ചതിനുശേഷം 404 പട്ടികജാതി വിദ്യാർഥികളെയും 36 പട്ടികവർഗ വിദ്യാർഥികളെയും വിദേശ പഠനത്തിന് അയച്ചിട്ടുണ്ട്. (.....ബഹളം.....)

(ബി) നിലവിൽ വിദേശത്ത് ഉന്നത പഠനം തുടർന്നുവരുന്ന വിദ്യാർഥികളിൽ ആരുംതന്നെ വിദേശത്ത് മറ്റൊരു ഉന്നത പഠനത്തിന് തിരഞ്ഞെടുത്തിട്ടില്ല. 2024 ജനുവരി ഇൻടേക്കിൽ യു.കെ.-യിലെത്തിയ 51 പട്ടികജാതി വിദ്യാർഥികളിൽ പഠനം പൂർത്തിയാക്കിയ 47 പേർ പോസ്റ്റ് സ്റ്റഡി വർക്ക് വിസയ്ക്ക് അപേക്ഷിച്ച് വിദേശത്തുതന്നെ തുടരുകയാണ്. 24 പേർക്ക് ഫുൾ ടൈം ജോലി ലഭിച്ചു. 4 പേർ പഠനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി. ബാക്കിയുള്ളവർ പാർട്ട് ടൈം ജോലികളിലാണ്. 2024 ജൂലൈ, സെപ്റ്റംബർ, 2025 ജനുവരി എന്നീ ഇൻടേക്കുകളിൽ പോയിട്ടുള്ള വിദ്യാർഥികളുടെ കോഴ്സ് പൂർത്തിയായി വരുന്നതേയുള്ളൂ.

2024-25, 2025-26 വർഷം വിദേശത്ത് പഠനത്തിനായി പോയ 36 പട്ടികവർഗ വിദ്യാർഥികൾ നിലവിൽ പഠനം നടത്തിവരുന്നു.

(സി) വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് പട്ടികജാതി വിദ്യാർഥികൾക്ക് ആനുകൂല്യം

അനുവദിക്കുന്നത്. വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപ വരെയും വാർഷിക വരുമാനം 12 ലക്ഷം മുതൽ 20 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയും 20 ലക്ഷത്തിനുമുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 15 ലക്ഷം രൂപ വരെയും നൽകുന്നു. വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപവരെ നൽകുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്ന പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ വിദേശ പഠന സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ആധുനികമായി ഗവൺമെന്റ് രൂപീകരിച്ച വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണ്?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ പദ്ധതിക്കാണ് ഈ ഗവൺമെന്റ് ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. ഈ വിഭാഗത്തിലെ കുട്ടികൾക്ക് പരമാവധി ഏറ്റവും നല്ല

വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ഗവൺമെന്റ് ലക്ഷ്യത്തെ അടിസ്ഥാനമാക്കി കുട്ടികളെ വിദേശ പഠനത്തിന് അയയ്ക്കുന്ന എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സിവിൽ സർവീസ് മേഖലയിലേക്ക് വളർത്തിയെടുക്കുന്നതിനായി ഈ വിഭാഗത്തിലെ കുട്ടികൾക്ക് പരിശീലന പരിപാടിയും ഏറ്റവും നല്ല രീതിയിൽ വകുപ്പ് നടത്തിവരുന്നുണ്ട്. കുട്ടികൾക്ക് വിവിധ ട്രെയിനിങ് കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട് എന്നുള്ളത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾക്കായുള്ള പരിശീലന പരിപാടികളും വകുപ്പ് നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. ഇത്തരം പദ്ധതികളെയെല്ലാം സംയോജിപ്പിച്ചുകൊണ്ടാണ് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി ഗവൺമെന്റും വകുപ്പും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ചോദ്യോത്തരവേള ഈ രീതിയിൽ പ്രതിപക്ഷം തടസ്സപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ

വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ സാധ്യതകൾ തുറന്നിടുന്ന ഗവൺമെന്റാണ് നമ്മുടേത്. ഗവൺമെന്റിന്റെ ഈ നടപടി പ്രകാരം നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളാണ് വിദേശ പഠനം നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, 1059 പട്ടികജാതി വിദ്യാർഥികളെയാണ് വിദേശ പഠനത്തിനായി അയച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ജനങ്ങൾ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരാണ്. അവരുടെ കാര്യങ്ങൾ പറയുന്നതിനും കേൾക്കുന്നതിനും പരിശോധിക്കുന്നതിനും വേണ്ടിയാണ് ഇത്തരം ചോദ്യോത്തരങ്ങൾ സഭാസമ്മേളന വേളകളിൽ ഉൾപ്പെടുത്തുന്നത്. പക്ഷേ സഭാനടപടികൾ പ്രതിപക്ഷം ഇത്തരത്തിൽ തടസ്സപ്പെടുത്തുന്നത് ഒരു തരത്തിലും അംഗീകരിക്കാൻ സാധിക്കില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ധാരാളം കുട്ടികൾക്ക് വിദേശത്ത് അവസരമുണ്ടാക്കിക്കൊടുക്കാനുള്ള അങ്ങയുടെ പരിശ്രമത്തെ അഭിനന്ദിക്കുന്നു. വിദേശത്തേക്ക് പോകുമ്പോൾ ഇംഗ്ലീഷ് ഭാഷയും മറ്റ് വിദേശ ഭാഷകളുമാണ് ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നത്. അങ്ങയുടെ നേതൃത്വത്തിൽ അത്തരം ഭാഷാ പരിശീലനത്തിനുള്ള സൗകര്യം നൽകുമോ?

ഇത്രയും പ്രധാനപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തിന്റെ ഇത്തരത്തിലുള്ള ജനാധിപത്യ വിരുദ്ധ സമീപനം ഈ നാട്ടിലെ ജനങ്ങളെല്ലാം വീക്ഷിക്കുന്നുണ്ട് എന്നുള്ളത് പ്രതിപക്ഷം ഓർത്താൽ നന്നായിരിക്കും എന്നുകൂടി സൂചിപ്പിക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. വിദേശ പഠനത്തിന് കുട്ടികളെ അയയ്ക്കുമ്പോൾ അവരുടെ ഇംഗ്ലീഷ് പരിജ്ഞാനം വളരെ പ്രധാനപ്പെട്ട ഘടകമാണ്. അത്തരം കാര്യങ്ങളിൽ പരിശീലനം നൽകുന്നതിനായി IELTS (International English Language Testing System) പോലുള്ള പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. ഇത്തരത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം ഉറപ്പുവരുത്തിക്കൊണ്ട് വിദശേ പഠനത്തിന് അയയ്ക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമായ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളുടെ പ്രശ്നം ചർച്ച ചെയ്യുമ്പോൾ ഈ രീതിയിലുള്ള പ്രതിപക്ഷ നാടകം വ്യക്തമാക്കുന്നത് സാമൂഹ്യനീതിയോടും ആ വിഭാഗത്തിലെ

വിദ്യാർഥികളോടുമുള്ള അവഗണനയാണ്. വിമാനം കാണാൻ പോയ കുട്ടി ഇന്ന് പൈലറ്റാണ്. വിദേശത്ത് പോകണമെന്ന് ആഗ്രഹിച്ച കുട്ടി വിദേശത്ത് പോകുക മാത്രമല്ല, അവിടെ പോയി പഠിക്കുകയും അവിടെത്തന്നെ ജോലി നേടുകയും ചെയ്തു. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനെയും വകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുന്നു. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഗവൺമെന്റിന്റെ ഏജൻസിയായ ODEPC (Overseas Development and Employment Promotion Consultants Ltd.)-നെയാണ് ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ODEPC അപേക്ഷ ക്ഷണിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തിയും അവരുടെ വരുമാനവും മറ്റ് കാര്യങ്ങളുമെല്ലാം പരിശോധനയ്ക്ക് വിധേയമാക്കിയുമാണ് കുട്ടികളെ/ഗുണഭോക്താക്കളെ വിദേശ പഠനത്തിനായി തിരഞ്ഞെടുക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, യോഗ്യതാ പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് താരതമ്യേന കുറവാണെന്ന കാരണത്താൽ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് ആനുപാതികമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. .....(ബഹളം)..... സ്കോളർഷിപ്പ് പാറ്റേണിന്റെയും വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഓരോ വിഭാഗത്തിന്റെയും ക്വാട്ടകളിൽ ഇരുപത് ശതമാനത്തിൽ കുറയാത്ത വിധം സീറ്റുകൾ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചവർക്കായി മാറ്റിവച്ചിട്ടുണ്ട്. ഇതിനായുള്ള മാർഗനിർദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം

2 (*213) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:

Uncorrected/Not for publication
07-10-2025

<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങൾക്കാവശ്യമായ വിദഗ്ധരായ പരിശീലകരെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി വിദേശ രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായിക മേഖലയുടെ അന്താരാഷ്ട്ര സഹകരണത്തിനായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; ഇതിനായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ,

(എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

കായിക പരിശീലനം, അന്താരാഷ്ട്ര ടീമുകളുടെ മത്സരങ്ങൾ എന്നിങ്ങനെയുള്ള രംഗങ്ങളിലാണ് കൂടുതലായി വിദേശ സഹകരണം നടപ്പാക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആരാധകരുള്ള 2022-ലെ ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്ക് സൗഹൃദ മത്സരത്തിനായി ക്ഷണിച്ചിട്ടുണ്ട്.

നവംബർ മൂന്നാം വാരം അർജന്റീന കേരളത്തിൽ കളിക്കാൻ സമ്മതം അറിയിച്ചതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

കേരളത്തിലെ ഫുട്ബോൾ ആരാധകർക്കും ഫുട്ബോളിലേക്ക് കടന്നുവരുന്നവർക്കും വലിയ ആവേശം സമ്മാനിക്കാൻ ഈ മത്സരത്തിന് സാധിക്കും.

കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സ്പെയിൻ സന്ദർശിച്ച് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ചർച്ച

നടത്തിയതിനെത്തുടർന്നാണ് അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിൽ തീരുമാനമായത്.

ഈ സന്ദർശനത്തിൽ സ്പെയിനിലെ പ്രീമിയർ ഫുട്ബോൾ ലീഗിന്റെ സംഘാടകരായ ലാ ലിഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായും ചർച്ചകൾ നടത്തി.

കായിക പരിശീലനം, സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഇരുകൂട്ടരുമായി സഹകരണത്തിന് പ്രാഥമികതലത്തിൽ ധാരണയായിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്യൂബ സന്ദർശനത്തിലുണ്ടായ ധാരണ പ്രകാരം കായികരംഗത്ത് ക്യൂബയുമായി വിവിധ തലങ്ങളിൽ സഹകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

ക്യൂബയുമായി സഹകരിച്ച് 2024-ൽ ചെ സ്മാരക ചെസ് ടൂർണമെന്റ് സംഘടിപ്പിച്ചു. ഇരു രാജ്യങ്ങളിലെയും ഗ്രാന്റ് മാസ്റ്റർമാർ മത്സരത്തിൽ പങ്കെടുത്തു.

ജൂഡോ, ബോക്സിങ്, റെസ്ലിങ്, അത്‌ലറ്റിക്സ് വിഭാഗങ്ങളിലെ പരിശീലകരുടെ കൈമാറ്റത്തിനും കേരളവും ക്യൂബയുമായി ധാരണയായിട്ടുണ്ട്.

നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്‌ലൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി.

ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതി നിലവിലുണ്ട്. ഒന്നാംഘട്ടമായി പരിശീലകർക്കുള്ള പരിശീലനം നടന്നു.

ലോകത്തെ പ്രമുഖ ക്ലബ്ബായ എ സി മിലാനുമായി ചേർന്ന് ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തവണ സുബ്രതോ കപ്പിലടക്കം ജി. വി. രാജ ഫുട്ബോൾ ടീം മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.

(ബി) കേരളവും ക്യൂബയുമായി സഹകരിച്ച് വിവിധ കായിക ഇനങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ക്യൂബൻ സഹകരണത്തോടെ ബോക്സിങ്, വോളിബോൾ, ചെസ് എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ കായിക വകുപ്പ് പ്രതിനിധികളും ക്യൂബൻ അംബാസഡറുമായി നടന്ന ചർച്ചകളിൽ തീരുമാനിച്ചു.

കായിക പരിശീലനം, സ്പോർട്സ് സയൻസ്, അക്കാദമിക് എക്സ്ചേഞ്ച് തുടങ്ങിയ മേഖലകളിൽ ദീർഘകാല സഹകരണം രൂപപ്പെടുത്തുന്ന ധാരണാപത്രം ക്യൂബൻ അംബാസഡറും കായിക യുവജനകാര്യ ഡയറക്ടറും ഒപ്പുവച്ചു.

കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലൂടെ പരിശീലകരെ നിയമിച്ച് പരിശീലനം നൽകിവരുന്നു.

(സി) ക്യൂബയും കേരളവും തമ്മിലുള്ള ഇന്റർനാഷണൽ ചെസ് ടൂർണമെന്റിന്റെ നടത്തിപ്പിനായി 18-11-2023-ൽ 87,69,000/- രൂപയുടെ ഭരണാനുമതി നൽകി.

Uncorrected/Not for publication
07-10-2025

5 ക്യൂബൻ ബോക്സിങ് പരിശീലകരുടെ സേവനം ലഭ്യമാക്കി 8 ദിവസത്തെ പരിശീലന പരിപാടി നടത്താൻ 03-10-2025-ൽ 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, കായിക വകുപ്പിന് കീഴിൽ രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരളാ ഫൗണ്ടേഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? നമ്മുടെ നാടിന്റെ കായിക മേഖലയെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളും കായിക മേഖലയിൽ കേരളം കൈവരിച്ച മുന്നേറ്റങ്ങളും സാധ്യതകളും സഭയിൽ ചർച്ച ചെയ്യുന്ന ചോദ്യോത്തരവേളപോലും തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധമായ നടപടിയാണ് ഇവിടെ പ്രതിപക്ഷം സ്വീകരിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കായിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യംവച്ചുകൊണ്ട് കേരള സർക്കാർ 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' എന്ന പുതിയൊരു സ്ഥാപനത്തിന് രൂപംനൽകുകയും ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നടന്നുവരുന്ന കായിക അടിസ്ഥാന വികസന മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായി നേതൃത്വം നൽകാൻ കഴിയുകയും ചെയ്തിട്ടുണ്ട്. 2000 കോടി രൂപയോളമുള്ള

പ്രവൃത്തികൾ എസ്.കെ.എഫ്.-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ബജറ്റിൽ വരുന്ന കായിക അടിസ്ഥാന വികസന പദ്ധതികൾ, കിഫ്ബി പദ്ധതികൾ, 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ, കായിക ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, കായിക വകുപ്പിന്റെ പദ്ധതികൾക്കുള്ള കായിക ഉപകരണങ്ങൾ പർച്ചേസ് തുടങ്ങിയ പ്രവർത്തനങ്ങളാണ് എസ്.കെ.എഫ്. ഏറ്റെടുത്ത് നടത്തുന്നത്. രാജ്യത്ത് ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി, സന്തോഷ് ട്രോഫി, ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ചെ അന്താരാഷ്ട്ര ചെസ് ഫെസ്റ്റിവൽ തുടങ്ങി നിരവധി കാര്യങ്ങൾ എസ്.കെ.എഫ്. നടത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, കേരളത്തിൽ സർക്കാർ എത്ര സിന്തറ്റിക് ട്രാക്കുകൾ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് കേരളത്തിൽ ഒരു സിന്തറ്റിക് ട്രാക്ക് മാത്രമായിരുന്ന

ഉണ്ടായിരുന്നത്. ഇപ്പോൾ സംസ്ഥാനത്ത് പതിനാറോളം സിന്തറ്റിക് ട്രാക്കുകളുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കായിക രംഗത്ത് ഈ സർക്കാർ ആരംഭിച്ച വിപുലമായ പദ്ധതിയാണ് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി. ഈ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നമ്മുടെ സംസ്ഥാനത്ത് 425 പഞ്ചായത്തുകൾക്കാണ് സ്വന്തമായി കളിക്കളം ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്. അതിൽ 167 പഞ്ചായത്തുകളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്ന പദ്ധതി നിലവിൽ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഏകദേശം 67 കളിക്കളങ്ങളുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. കളിക്കളം നിർമ്മിക്കാനായി സ്വന്തമായി സ്ഥലമില്ലാത്ത ധാരാളം പഞ്ചായത്തുകളുള്ളതിനാൽ കളിക്കളം നിർമ്മാണം വൈകുന്ന സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് സ്വന്തമായി കളിക്കളങ്ങൾ നിർമ്മിക്കാനുള്ള സ്ഥലം വാങ്ങാനുള്ള പണംകൂടി നൽകുന്ന കാര്യവും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കീഴ്ക്കോടതി മുതൽ സുപ്രീംകോടതി വരെ പോയി ഇളിഭ്യരായി നിൽക്കുന്ന പ്രതിപക്ഷം ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ഏറ്റവും അപമാനകരമായ കാര്യമാണ്. അങ്ങയുടെ മുഖം കാണാൻ കഴിയുന്നില്ല. കായിക വകുപ്പിന്റെ ഫിറ്റ്നസ് സെന്ററുകൾ ഏറെ ജനകീയമായ ഒരു പദ്ധതിയാണ്. ഈ പദ്ധതി എല്ലാ ജില്ലകളിലും എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കുന്നതിന് കായിക വകുപ്പ് പ്രത്യേകമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തീർച്ചയായും സ്വീകരിക്കുന്നതാണ്. ഇക്കാര്യങ്ങളിൽ ശക്തമായ നടപടികൾ എടുത്തുകൊണ്ടുതന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എം. വിജിൻ: സർ, ഭിന്നശേഷിക്കാരുടെ സ്പോർട്സിന് ഇന്ന് വലിയ നിലയിലുള്ള പ്രചാരം ലഭിക്കുന്നുണ്ട്. പാരാ കായിക മേഖലയുടെ പ്രോത്സാഹനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്? അതോടൊപ്പം നിലവിൽ പഞ്ചായത്തുകൾതോറും ഗ്രൗണ്ടുകൾ നൽകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ വായനശാലകളുടെയും ക്ലബ്ബുകളുടെയും കൈവശമുള്ള സ്ഥലങ്ങൾ എം.എൽ.എ. ഫണ്ട് ഉൾപ്പെടെ

ഉപയോഗിച്ചുകൊണ്ട് ഗ്രൗണ്ടുകളാക്കി മാറ്റാൻ സാധിക്കുമെങ്കിൽ കായിക മേഖലയിൽ കൂടുതൽ ഗ്രൗണ്ടുകൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നതാണ്. അതിന്റെ സാധ്യതയെക്കുറിച്ച് സർക്കാർ പരിശോധിക്കുമോ? ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ജനാധിപത്യവിരുദ്ധമായ ഈ സമീപനത്തെ വളരെ ഗൗരവമായി കാണണം. എവിടെ പരിപാടി അവതരിപ്പിച്ചാലും ദയനീയമായ അവസ്ഥയാകുന്ന സാഹചര്യമാണ് പ്രതിപക്ഷത്തിനുള്ളതെന്ന് ജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഭിന്നശേഷി സ്പോർട്സിന് ഇന്ന് വലിയ പ്രചാരമാണ് ലഭിച്ചുവരുന്നത്. ഇന്ത്യയുടെ റെക്കാർഡ് പ്രകടനമായിരുന്നു പാരാ ഒളിമ്പിക്സിൽ നമ്മൾ കണ്ടത്. കേരളത്തിൽ ആദ്യമായി ഭിന്നശേഷി സൗഹൃദ സ്റ്റേഡിയം ഒറ്റപ്പാലത്ത് പണിയുകയാണ്. അതോടൊപ്പംതന്നെ ഭിന്നശേഷി വിഭാഗങ്ങൾക്കായുള്ള പാരാ സ്പോർട്സിന് ഇപ്പോൾ കേരളാ സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നുണ്ട്.

## ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ

3 (*214) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ അപേക്ഷകരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് എല്ലാ കൊല്ലവും സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 652 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2024-25 സാമ്പത്തിക വർഷം മുതൽ 714 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഐ.റ്റി.സി ഫീ റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിനും നൈപുണ്യപരിശീലന പദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 482 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിനും 2024-25 സാമ്പത്തിക വർഷം മുതൽ *582* ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി

കേന്ദ്രസർക്കാർ നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന 'മാർഗദീപം' എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും ഈ പദ്ധതിക്കായി 20 കോടി രൂപ (ഇരുപത് കോടി രൂപ മാത്രം) ബജറ്റിൽ വകയിരുത്തിയിരുന്നു.

കേന്ദ്ര സർക്കാർ നിർത്തലാക്കിയ മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷണ വിദ്യാർഥികൾക്ക് ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന പുതിയൊരു പദ്ധതി നടപ്പാക്കുന്നതിന് നടപ്പുസാമ്പത്തികവർഷം 600 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷവും സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ന്യൂനപക്ഷക്ഷേമ വകുപ്പിൽ സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക ചെലവാക്കാറില്ല എന്നൊരു

വാർത്ത ഇടയ്ക്കിടെ പത്രങ്ങളിൽ വരാറുണ്ട്. പ്രധാനമായും ചില ആളുകൾ മനഃപൂർവമായി പ്രചരിപ്പിക്കുന്ന വാർത്തയായി അത് തോന്നാറുണ്ട്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ തെറ്റായ ഒരു കാര്യമാണ് ഈ പ്രചാരണത്തിലുള്ളത്. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ അനുവദിക്കുന്ന മുഴുവൻ സ്കോളർഷിപ്പുകളും കൃത്യമായി ന്യൂനപക്ഷ വിഭാഗങ്ങളുടെ കൈകളിലെത്തിക്കാൻ നാം ശ്രമിക്കുന്നുണ്ട്. സ്കോളർഷിപ്പുകൾ ഉൾപ്പെടെ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് ഹൈക്കോടതി ഉത്തരവ് പ്രകാരമാണ്. ആ അനുപാതമാണ് നമ്മൾ പാലിച്ചുവരുന്നത്. ഒരു വിഭാഗത്തിന്റെ മതിയായ അപേക്ഷകർ ആ വിഭാഗത്തിൽ ഇല്ലെങ്കിൽ അത് മറ്റ് വിഭാഗങ്ങൾക്ക് അനുവദിക്കാൻ കഴിയില്ല. ന്യൂനപക്ഷ സ്കോളർഷിപ്പിനായി അപേക്ഷകൾ ധാരാളമായി വരുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന തുക കൃത്യമായും പൂർണ്ണമായും സമയബന്ധിതമായും ചെലവഴിക്കാൻ കഴിയുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി ന്യൂനപക്ഷ വിദ്യാർഥികൾക്ക്

ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇത്തരത്തിലുള്ള ധാരാളം പദ്ധതികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. യൂണിയൻ ഗവൺമെന്റ് നിർത്തലാക്കിയ നിരവധി സ്കോളർഷിപ്പുകൾ സംസ്ഥാന ഗവൺമെന്റ് കൊടുത്തുവരുന്നുണ്ട്. ഏറ്റവും പുതുതായി ‘ Chief Minister’ s Researchers Scholarship for Minorities’ എന്ന പുതിയൊരു സ്കോളർഷിപ്പുകൂടി ആരംഭിക്കുന്നുണ്ട്. ആറ് കോടി രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. (......ബഹളം......)

ശ്രീ. തോമസ് കെ തോമസ്: സർ, ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ വർഷവും നടപ്പുവർഷവും അനുവദിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്? ബഹുമാനപ്പെട്ട മന്ത്രിയുടെ കഴിഞ്ഞ മറുപടിയിൽ എല്ലാ പഞ്ചായത്തുകൾക്കും കളിക്കളങ്ങൾ അനുവദിക്കുമെന്ന് പറഞ്ഞിരുന്നു. അങ്ങനെയെങ്കിൽ എന്റെ മണ്ഡലമായ കുട്ടനാട്ടിൽ അത്തരത്തിലൊരു കളിക്കളം അനുവദിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, ജൈന,

പാഴ്സി തുടങ്ങി എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകളും വ്യത്യസ്തങ്ങളായ പദ്ധതികളും നടപ്പാക്കുന്നുണ്ട്. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ധാരാളം ഏജൻസികൾ സ്കിൽ ഡെവലപ്മെന്റ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. (......ബഹളം......) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കായി ഇത്തരം ഏജൻസികളുടെ സഹായത്തോടുകൂടി നൈപുണ്യ വികസന പദ്ധതികൾ ആരംഭിക്കുന്നത് ഗുണകരമാകും. ന്യൂനപക്ഷ വിദ്യാർഥികൾക്കുവേണ്ടി സർക്കാർ നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് ന്യൂനപക്ഷ വകുപ്പിന് കീഴിൽ നിലവിൽ 24 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളുമാണുള്ളത്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കണ്ണല്ലൂർ, കായംകുളം, മട്ടാഞ്ചേരി, പട്ടാമ്പി, വളാഞ്ചേരി, പേരാമ്പ്ര, ചൊക്ലി, ആലത്തിയൂർ എന്നിവിടങ്ങളിൽ ആരംഭിച്ച എട്ട് പുതിയ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 19 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദേശ പരിശീലനം മാത്രമല്ല ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ പരീക്ഷകൾക്ക് ന്യൂനപക്ഷ വിദ്യാർഥികളെ തയ്യാറെടുപ്പിക്കുന്നതിന് വേണ്ടിയുള്ള കേന്ദ്രങ്ങളും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ അടുത്ത വർഷവും ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അത് സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ

കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? (....ബഹളം.....)

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. നാളിതുവരെ 6300 പേർക്ക് 250 കോടിയോളം രൂപ വായ്പയായി നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കുറേ കാലത്തിനുശേഷം ഇത്തവണ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വലിയ ലാഭത്തിലേക്ക് വന്നിട്ടുണ്ട്. അതോടൊപ്പംതന്നെ നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുകയും വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം, അവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം തുടങ്ങി ധാരാളം പുതിയ പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സ്വയംതൊഴിൽ കണ്ടെത്താൻ ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ പണം അനുവദിക്കുന്നതിൽ ഇപ്പോൾ വലിയ പുരോഗതി അനുഭവപ്പെടുന്നുണ്ട്. (....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽപോയി ഇരിക്കണം. ഇങ്ങനെ ചെയറിന്റെ മുഖം മറച്ചാൽ

എന്തുചെയ്യും? നിങ്ങൾ ഒരു നോട്ടീസുപോലും നൽകിയിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാണെന്ന് ഗവൺമെന്റ് പറഞ്ഞല്ലോ. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഹൈക്കോടതി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏർപ്പാടാക്കി അന്വേഷണം നടക്കുകയാണ്. അതിനപ്പുറം എന്ത് ചെയ്യാൻ സാധിക്കും? പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. സഭാനടപടികൾ തടസ്സപ്പെടുത്തരുത്. (.....ബഹളം.....) സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ ചോദ്യോത്തരവേള റദ്ദുചെയ്യുന്നു, സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.21-ന് സഭ താൽക്കാലികമായി നിർത്തിവച്ചു.)